"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തിരുവനന്തപുരം ജില്ല- കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് - സീനിയർ ക്ലാർക്കായിരിക്കേ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി സുമം ആർ-ന്റെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 28.07.2010ലെ ഇ8- 9268/10 നമ്പർ നടപടിക്രമങ്ങൾ
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.06.2011 ലെ ഇ3-10043/10 നമ്പർ നടപടിക്രമങ്ങൾ
3. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.08.2016ലെ ഇ3-11422/16 നമ്പർ നടപടിക്രമം
4. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.01.2017ലെ ഇ3-18114/2016 നമ്പർ നടപടിക്രമം
5. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2023ലെ LSGD/PD/34699/2023-DEC3 നമ്പർ കത്ത്
7. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 05.05.2025ലെ എച്ച് ആർ എം പി നം 9079/11/12/2023/TVM നമ്പർ നടപടിക്രമം
8. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.08.2025ലെ LSGD/PD/34699/2023-DEC3 നമ്പർ കത്ത്
9. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.11.2025ലെ LSGD/PD/34699/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സീനിയർ ക്ലാർക്കായിരിക്കേ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി സുമം ആർ ന്റെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 30.10.2013 മുതൽ 26.06.2016 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.സെറിഫെഡിൽ നിന്ന് പുനർവിന്യസിക്കപ്പെട്ട് പരാമർശം (1) പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിയമിക്കപ്പെട്ട ശ്രീമതി സുമം ആർ, 02.08.2010 തീയതിയിൽ സേവനത്തിൽ പ്രവേശിക്കുകയും ടിയാളുടെ നിയമനം പരാമർശം (2) പ്രകാരം ക്രമവൽക്കരിക്കുകയും ചെയ്തിട്ടുണ്ട് . ടിയാൾ എം .ഒ പി - പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, പരാമർശം (4) പ്രകാരം ഒരു വർഷത്തേക്ക് നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീമതി സുമം ആർ-ന്

24.06.2016 ൽ 50 വയസ്സ് പൂർത്തീകരിച്ച സാഹചര്യത്തിൽ, ടിയാളെ 25.06.2016 തീയതി പ്രാബല്യത്തിൽ നിർബന്ധിത വകുപ്പുതല പരീക്ഷ വിജയിക്കുന്നതിൽ നിന്നും പരാമർശം (3) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ശ്രീമതി. സുമം ആർ -ന്റെ പേരിൽ അച്ചടക്കനടപടികളോ, വിജിലൻസ് കേസുകളോ നിലവിലില്ലെന്നും, നിരീക്ഷണ കാലയളവിലെ ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും, ടിയാൾ SLI, GIS എന്നിവയിൽ അംഗത്വമെടുത്തിട്ടുണ്ടെന്നും, നിരീക്ഷണകാലയളവിൽ ആകസ്മിക അവധി കൂടാതെ 20 ദിവസത്തെ ആർജ്ജിതാവധിയും, 20 ദിവസത്തെ അർദ്ധവേതനാവധിയും, 50 ദിവസത്തെ ശൂന്യവേതനാവധിയും ഉപയുക്തമാക്കിയിട്ടുണ്ടെന്നും ഇപ്രകാരം ടിയാൾ ക്ലർക്ക് തസ്തികയിൽ 31.10.2012 തീയതിയിൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം സേവനം പൂർത്തീകരിച്ചിട്ടുണ്ടെന്നും പരാമർശം (9) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. സുമം. ആർ - ന് സീനിയർ ക്ലാർക്ക് തസ്തികയിൽ ശമ്പളം നിർണ്ണയിച്ച് നൽകുകയോ ആയത് പ്രകാരം ആനുകൂല്യങ്ങൾ കൈപ്പറ്റുകയോ ഉണ്ടായിട്ടില്ലെന്നും ടിയാൾ 31.05.2022 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും ടിയാളുടെ പ്രൊബേഷൻ 25.06.2016 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് അർഹതയുള്ളതിനാൽ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ടിയാളുടെ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനം സാധൂകരിച്ച് നൽകാവുന്നതാണെന്നും കൂടാതെ ശ്രീ.സുമം ആർ -ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് പെൻഷൻ ആനുകൂല്യങ്ങൾ ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് പരാമർശം (7) പ്രകാരം ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.സുമം ആർ-ന്റെ ജനനത്തീയതി 25.05.1966 ആണ്. മേൽസാഹചര്യത്തിൽ പരാമർശം (6) -ലെ ശിപാർശ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സീനിയർ ക്ലാർക്കായിരിക്കേ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി സുമം ആർ-ന്റെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ 25.05.2016 പൂർവാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയായതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുന്ന വിധം KS&SSR Part II ചട്ടം13(B) Proviso 4, പരാമർശം (5) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 30.10.2013 മുതൽ 26.05.2016 വരെ ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,കോട്ടുകാൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി. സുമം. ആർ , മുൻ സീനിയർ ക്ലർക്ക് , കോട്ടുകാൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.151/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 03-01-2026 17:26:30